(ബി) എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നു വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എൽ. ബി. എസ്സ്-ന്റെ ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്നു.

കാസർകോട് ജില്ലയിലെ എരിഞ്ഞിലംകോട് പാലം നിർമ്മാണം

139 [1370] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ ഹോസ്ദുർഗ്ഗ് മണ്ഡലത്തിലെ എരിഞ്ഞിലംകോട് പാലം നിർമ്മാണത്തിന്റെ എഴുത്തുകുത്തുകൾ ഇപ്പോൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത് നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പാലത്തിന്റെ ജനറൽ ഡിസൈനും സ്ഥലമെടുപ്പു നടപടികളും പൂർത്തിയായി.

(ബി) നടപടി സ്വീകരിച്ചു വരുന്നു.

കുത്തുപറമ്പ്-എടക്കാട് മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാലത്തിന്റെ നിർമ്മാണം

140 [1371] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തുപറമ്പ്-എടക്കാട് മണ്ഡലങ്ങളെ തമ്മിൽ ബന്ധിക്കുന്ന ഓടക്കാട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനം നിലയ്ക്കാൻ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന് ഉണ്ടായിട്ടുള്ള തടസ്സം ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly